സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

**തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ദേവസ്വങ്ങളിലെ വഴിപാട് നിരക്കുകൾക്ക് സപ്ലെയർ കോസ്റ്റ് സേവിംഗ്സ് റിട്ടേൺ ഏർപ്പെടുത്തിയ സംഗതി - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

ഉത്തരവ് നമ്പർ: ROC. 10416/12/Suit/NS നന്തൻകോട്, 23 .05.2025

---

പരാമർശം :- 1. 19.05.2022-ലെ മേൽ നമ്പർ ബോർഡുത്തരവ്.

2. ദേവസ്വം അക്കൗണ്ട്സ് ഓഫീസറുടെ 05.05.2025-ലെ ഡി.എ.689/25/ഇ1 നമ്പർ റിപ്പോർട്ട്.

3. 22.05.2025-ലെ മേൽ നമ്പർ ബോർഡുത്തരവ്

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ഭരണത്തിൻ കീഴിലുള്ള ക്ഷേത്രങ്ങളിലെ വഴിപാടുകളുടെ സപ്ലെയർ തുകയുടെ നിശ്ചിത ശതമാനം സപ്ലെയർ കോസ്റ്റ് സേവിംഗ്സ് റിട്ടേൺ ആയി ഒടുക്ക് വരുത്തുന്നത് സംബന്ധിച്ച് ദേവസ്വം അക്കൗണ്ട്സ് ഓഫീസർ പരാമർശം (2) റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ദേവസ്വം കമ്മീഷണർ, ഫിനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ, ദേവസ്വം അക്കൗണ്ട്സ് ഓഫീസർ, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (ഫിനാൻസ് ഇൻസ്പെക്ഷൻ - ഇൻചാർജ്), ജില്ല ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ എന്നിവരുമായി ചർച്ച ചെയ്ത ശേഷം 23.05.2025 മുതൽ ചുവടെ വിവരിക്കും പ്രകാരം സപ്ലെയർ കോസ്റ്റ് സേവിംഗ്സ് റിട്ടേൺ ഒടുക്ക് വരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ച് ബോർഡ് ഉത്തരവ് (പരാമർശം 3) പുറപ്പെടുവിചിട്ടുള്ളതാണ്.

| ഒരു ദിവസത്തെ സപ്ലെയർ തുക | 23.05.2025 മുതൽ ഒടുക്ക് വരുത്തേണ്ടത് |
|---|---|
| 1 രൂപ മുതൽ 500 രൂപ വരെ | ഇല്ല |
| 501 രൂപ മുതൽ 1250 രൂപ വരെ | 5% |
| 1251 രൂപ മുതൽ 2250 രൂപ വരെ | 10% |
| 2251 രൂപ മുതൽ 3250 രൂപ വരെ | 15% |
| 3251 രൂപ മുതൽ 6250 രൂപ വരെ | 25% |
| 6251 രൂപ മുതൽ 10250 രൂപ വരെ | 35% |
| 10251 രൂപ മുതൽ 12500 രൂപ വരെ | 40% |
| 12501 രൂപ മുതൽ | 45% |

എന്നാൽ, സപ്ലൈയർ കോസ്റ്റ് സേവിംഗ്സ് റിട്ടേൺ പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച ദേവസ്വം അക്കൗണ്ട്സ് ഓഫീസറുടെ പരാമർശം (2) റിപ്പോർട്ടിൽ, ഒരു ദിവസം 500 രൂപ വരെ സപ്ലൈയർ വരുകയാണെങ്കിൽ സപ്ലൈയർ കോസ്റ്റ് സേവിംഗ്സ് റിട്ടേൺ അടയ്ക്കേണ്ടതില്ലായെന്നും ഒരു ദിവസം 500 രൂപയ്ക്ക് മുകളിൽ സപ്ലൈയർ വരുകയാണെങ്കിൽ മുഴുവൻ സപ്ലൈയർ തുകയുടെ നിശ്ചിത ശതമാനം സപ്ലൈയർ കോസ്റ്റ് സേവിംഗ്സ് റിട്ടേൺ ആയി ഒടുക്ക് വരുത്തേണ്ടതാണെന്നും ഉദാഹരണം സഹിതം പ്രതിപാദിച്ചിരുന്നു.

ആകയാൽ, പരാമർശം (3) ബോർഡുത്തരവിലെ 23.05.2025 മുതൽ ഒടുക്ക് വരുത്തേണ്ട സപ്ലൈയർ കോസ്റ്റ് സേവിംഗ്സ് റിട്ടേൺ സംബന്ധിച്ച് കൂടുതൽ വ്യക്തത ആവശ്യമാണെന്ന് കാണുന്ന സാഹചര്യത്തിൽ, ഒടുക്ക് വരുത്തേണ്ട സപ്ലൈയർ കോസ്റ്റ് സേവിംഗ്സ് റിട്ടേൺ ചുവടെ വിവരിക്കും പ്രകാരം ഭേദഗതി ചെയ്യുന്നു.

| **ഒരു ദിവസത്തെ സപ്ലൈയർ തുക** | **23.05.2025 മുതൽ ഒടുക്ക് വരുത്തേണ്ട സപ്ലൈയർ കോസ്റ്റ് സേവിംഗ്സ് റിട്ടേൺ** |
|---|---|
| 1 രൂപ മുതൽ 500 രൂപ വരെ | ഇല്ല |
| 501 രൂപ മുതൽ 1250 രൂപ വരെ | മുഴുവൻ സപ്ലൈയർ തുകയുടെ 5% |
| 1251 രൂപ മുതൽ 2250 രൂപ വരെ | മുഴുവൻ സപ്ലൈയർ തുകയുടെ 10% |
| 2251 രൂപ മുതൽ 3250 രൂപ വരെ | മുഴുവൻ സപ്ലൈയർ തുകയുടെ 15% |
| 3251 രൂപ മുതൽ 6250 രൂപ വരെ | മുഴുവൻ സപ്ലൈയർ തുകയുടെ 25% |
| 6251 രൂപ മുതൽ 10250 രൂപ വരെ | മുഴുവൻ സപ്ലൈയർ തുകയുടെ 35% |
| 10251 രൂപ മുതൽ 12500 രൂപ വരെ | മുഴുവൻ സപ്ലൈയർ തുകയുടെ 40% |
| 12501 രൂപ മുതൽ | മുഴുവൻ സപ്ലൈയർ തുകയുടെ 45% |

പരാമർശം (1) ഉത്തരവിൽ പ്രതിപാദിക്കുന്ന മറ്റെല്ലാ വിഷയങ്ങളും തൽസ്ഥിതി തുടരേണ്ടതാണെന്ന് നിർദ്ദേശിച്ചും ബോർഡുത്തരവാകുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി**
**(ഒപ്പ്)**
**സെക്രട്ടറി**

**പകർപ്പ് :-**

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ
3. ലാ ഓഫീസർ
4. കേരള സ്റ്റേററ് ആഡിററ് വിഭാഗം, തിരുവിതാംകൂർ ദേവസ്വം ബോർഡ്
5. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിററി)
6. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ
7. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
8. ഡയറക്ടർ, സാംസ്കാരിക പുരാവസ്തു വിഭാഗം

9. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, തിരുവനന്തപുരം, പത്തനംതിട്ട, ഹരിപ്പാട്, വൈക്കം
10. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, ഫിനാൻസ് ഇൻസ്പെക്ഷൻ
11. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ഹൈക്കോർട്ട് ആഡിററ്
12. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
13. എല്ലാ ആഡിററ് ഓഫീസർമാർക്കും
14. ലെയ്സൺ ഓഫീസർ, എറണാകുളം
15. വിജിലൻസ് ഓഫീസ് മാവേലിക്കര, വൈക്കം
16. PS to Hon'ble President
17. PS to Hon'ble Member
18. ഐ.ററി വിഭാഗം (പ്രസിദ്ധീകരണത്തിന്)
19. ഫയൽ ബുക്ക്
20. സെക്ഷൻ ഫയൽ
21. ഓഫീസ് കോപ്പി

അംഗീകാരത്തോടെ പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി
'ബി' സെക്ഷൻ